**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4366** **06-03-2023 - ൽ മറുപടിയ്ക്ക്**

**പുതിയ വ്യവസായ സംരംഭങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എച്ച്. സലാം** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഇതുവരെ എത്ര പുതിയ വ്യവസായ സംരംഭങ്ങൾ കേരളത്തിൽ ആരംഭിച്ചിട്ടുണ്ട്; ഇതുവഴി എത്ര കോടി രൂപയുടെ നിക്ഷേപം കേരളത്തിൽ ലഭ്യമായിട്ടുണ്ട്; എത്രപേർക്ക് പുതുതായി തൊഴിൽ ലഭിച്ചിട്ടുണ്ട്; വിശദമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഇതുവരെ 1,48,935 പുതിയ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ കേരളത്തിൽ ആരംഭിച്ചിട്ടുണ്ട്; ഇതുവഴി 9,481 കോടി രൂപയുടെ നിക്ഷേപം കേരളത്തിൽ ലഭ്യമായിട്ടുണ്ട്; 3,41,631 പേർക്ക് പുതുതായി തൊഴിൽ ലഭിച്ചിട്ടുണ്ട്.<br><br>250 വ്യവസായ സംരംഭകർക്ക് കിൻഫ്രയുടെ വിവിധ വ്യവസായ പാർക്കുകളിൽ വ്യവസായങ്ങൾ ആരംഭിക്കുന്നതിന് ഭൂമി അലോട്ട് ചെയ്ത് നൽകിയിട്ടുണ്ട്. പ്രോജക്ട് റിപ്പോർട്ടുകൾ പ്രകാരം അവരുടെ സംരംഭങ്ങൾ പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാകുമ്പോൾ 1713 കോടി രൂപയുടെ നിക്ഷേപവും 22,500 തൊഴിലവസരവും സൃഷ്ടിക്കപ്പെടുമെന്ന് കരുതുന്നു. |
| (ബി) | കേന്ദ്രസർക്കാർ വിറ്റഴിച്ച എത്ര പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ കേരളം ഏറ്റെടുത്തിട്ടുണ്ട്; അവ ഏതൊക്കെയാണ്; സ്ഥാപനങ്ങൾ ഏറ്റെടുക്കുന്നതിനായി എത്ര തുകയാണ് നൽകിയിട്ടുള്ളത് ; അവയുടെ പ്രവർത്തനം ഇപ്പോൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശം ഇനം തിരിച്ച് ലഭ്യമാക്കാമോ; | (ബി) | കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളായിരുന്ന (i) ഭെൽ ഇലക്ട്രിക്കൽ മെഷീൻ ലിമിറ്റഡ്, കാസർകോഡ് (ii) ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ്, വെള്ളൂർ എന്നിവ കേരള സർക്കാർ ഏറ്റെടുത്ത് പൂർണമായും സംസ്ഥാന സർക്കാരിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനമാക്കി മാറ്റിയിട്ടുണ്ട്.<br><br>ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റിഡിനെ സംസ്ഥാന സർക്കാർ ഏറ്റെടുത്ത് കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ് എന്ന പേരിൽ പുനർ നാമകരണം ചെയ്തു. ആയത് ഇപ്പോൾ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനമായി പ്രവർത്തിച്ച് വരികയാണ്. Corporate Insolvency Resolution Plan (CIRP) പ്രകാരം 271.50 കോടി രൂപ കേരള സർക്കാർ നൽകിയാണ് സ്ഥാപനം ഏറ്റെടുത്തത്. സംസ്ഥാനത്തിന് അകത്ത് നിന്നും, മറ്റുള്ള സംസ്ഥാനങ്ങളിൽ നിന്നും ഓർഡറുകൾ |

| | | | |
|---|---|---|---|
| | | | ലഭ്യമാക്കി കമ്പനി പ്രവർത്തന പുരോഗതി കൈവരിച്ച് വരികയാണ്. അടച്ചു പൂട്ടൽ മൂലം തൊഴിൽ രഹിതരായവരിൽ 250 പേർക്ക് നേരിട്ട് തൊഴിൽ ലഭിക്കുന്നതിന് പുറമെ 650 ഓളം പേർക്ക് പരോക്ഷമായും തൊഴിൽ സാധ്യതകൾ തുറന്നു കിട്ടുന്നത് സംസ്ഥാനത്തെ തൊഴിൽ മേഖലയ്ക്ക് പ്രചോദനകരമാണ്.<br><br>കാസർഗോഡ് ജില്ലയിൽ പ്രവർത്തിച്ചിരുന്ന ഭെൽ-ഇ.എം.എൽ. കമ്പനി സംസ്ഥാനം ഏറ്റെടുത്ത്, കെൽ-ഇ.എം.എൽ എന്ന് പുനഃനാമകരണം ചെയ്ത് പൂർണ്ണമായും സംസ്ഥാന സർക്കാരിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനമാക്കി പ്രവർത്തനം പുനരാരംഭിച്ചു. പ്രവർത്തന പുരോഗതി കൈവരിക്കുന്നതിന്റെ ഭാഗമായി കയറ്റുമതി ഓർഡറുകളും സ്ഥാപനം നേടിയിട്ടുണ്ട്. ഇപ്പോൾ 14 ഓഫീസർമാരും 82 തൊഴിലാളികളുമാണ് ഈ സ്ഥാപനത്തിൽ ഉള്ളത്. |
| (സി) | 2011 മുതൽ 2016 വരെയുള്ള സർക്കാർ കാലയളവിൽ കേരളത്തിൽ എത്ര രൂപയുടെ പുതിയ വ്യവസായ നിക്ഷേപമാണ് രൂപം കൊണ്ടത്; ഇതിലൂടെ എത്രപേർക്കാണ് തൊഴിൽ നൽകാൻ കഴിഞ്ഞത്; വിശദമാക്കുമോ; | (സി) | 2011 മുതൽ 2016 വരെയുള്ള കാലയളവിൽ കേരളത്തിൽ 76,602 സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ വഴി 7519.36 കോടി രൂപയുടെ പുതിയ നിക്ഷേപം ഉണ്ടായിട്ടുണ്ട്. ഇതിലൂടെ 3,63,365 പേർക്ക് തൊഴിൽ നൽകാൻ കഴിഞ്ഞിട്ടുണ്ട്.<br><br>2011 മുതൽ 2016 വരെയുള്ള കാലയളവിൽ കിൻഫ്ര മുഖേന 263 വ്യവസായ സംരംഭകർക്ക് ഭൂമി അലോട്ട് ചെയ്തിട്ടുണ്ട്. ഈ കാലയളവിൽ 786.8736 കോടി രൂപയുടെ നിക്ഷേപവും 4488 തൊഴിലവസരവും അത് പ്രകാരം സൃഷ്ടിക്കാൻ കഴിഞ്ഞു. |
| (ഡി) | 2016 മുതൽ 2021 വരെയുള്ള മുൻ സർക്കാരിന്റെ കാലത്ത് വ്യവസായ മേഖലയിൽ പുതുതായി എത്ര വ്യവസായ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്; എത്ര കോടി രൂപയുടെ നിക്ഷേപമാണ് സമാഹരിച്ചത്; എത്ര പേർക്ക് ഇതിലൂടെ തൊഴിൽ ലഭിച്ചിട്ടുണ്ട്; വിശദമാക്കുമോ? | (ഡി) | 2016 മുതൽ 2021 വരെയുള്ള മുൻ സർക്കാരിന്റെ കാലത്ത് 69,138 സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ പുതുതായി ആരംഭിച്ചിട്ടുണ്ട്. ഇത് വഴി 6448.81 കോടി രൂപയുടെ നിക്ഷേപമാണ് സംസ്ഥാനത്ത് ഉണ്ടായിട്ടുള്ളത്. കൂടാതെ 2,45,369 പേർക്ക് ഇതിലൂടെ തൊഴിൽ ലഭിച്ചിട്ടുണ്ട്.<br><br>2016 മുതൽ 2021 വരെയുള്ള കാലയളവിൽ കിൻഫ്ര അലോട്ട് ചെയ്ത ഭൂമിയിൽ 485 വ്യവസായ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഈ കാലയളവിൽ 1511.04 കോടി രൂപയുടെ നിക്ഷേപവും 17,264 തൊഴിലവസരവും സൃഷ്ടിക്കാൻ കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ